**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2401 — 17.08.2017 ന് മറുപടിയ്ക്ക്.

**<u>വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സർക്കാർ നിക്ഷിപ്ത വനത്തിന്റെ ട്രസ്റ്റി മാത്രമാണെന്നും വന്യമൃഗങ്ങൾക്കുമേൽ നിയന്ത്രണമില്ലെന്നുമുള്ള സർക്കാർ വാദം കോടതി നിരസിക്കുകയുണ്ടായോ; | (ബി) പ്രസ്തുത വിധിന്യായത്തിന്റെ പത്താം ഖണ്ഡികയിൽ, വന്യജീവികളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ഒരു ട്രസ്റ്റി മാത്രമാണെന്നും, അവയുടെ മേൽ നിയന്ത്രണമില്ലെന്നുമുള്ള സർക്കാർ വാദം അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്ന് കോടതി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) വന്യമൃഗങ്ങൾ സ്വകാര്യഭൂമിയിലേക്ക് കടക്കുന്നത് തടയാൻ വേലി കെട്ടേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് കോടതി ചൂണ്ടിക്കാണിക്കുകയുണ്ടായോ; | (സി) പ്രസ്തുത വിധിന്യായത്തിന്റെ പന്ത്രണ്ടാം ഖണ്ഡികയിൽ റിസർവ്വ് വനത്തിന്റെ സമീപത്തുള്ള സ്വകാര്യഭൂമിയിൽ വന്യജീവികൾ ഇറങ്ങി നാശം വരുത്തുന്നത് തടയുന്നതിന് വനാതിർത്തിയിൽ വേലി നിർമ്മിക്കുന്നത് സ്റ്റേറ്റിന്റെ കടമയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിക്കുമോ; അല്ലെങ്കിൽ വിധി നടപ്പാക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും. |

Lathesh

സെക്ഷൻ ഓഫീസർ